# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി. 12/1520/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 15/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി. 12/1520/21 തീയ്യതി: 15/02/2022

## പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യൂ. ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.പി. മുഹമ്മദ് ഫാറൂക്ക്, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. എ.കെ. ജിജീഷ്, സീനി. ഗ്രേഡ്. ഓഡിറ്റർ,
ശ്രീ.കെ.രാജൻ, ഓഡിറ്റർ ട്രെയിനി,
ശ്രീമതി. കെ. അനിത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജു ശങ്കർ.സി.എന് | പ്രസിഡന്റ് | 01-04-2019 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. രാജിക.സി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.കുഞ്ഞഹമ്മദ് കുട്ടി എം.സി. | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ. രാധാകൃഷ്ണൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2020 | 09-06-2020 |
| ശ്രീ. ബിന്ദു ഗോപാൽ | സെക്രട്ടറി | 10-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി. എൻ. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. രാധാകൃഷ്ണൻ.കെ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ലതാകുമാരി. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. എം. പ്രേംകുമാർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ധന്യ.എസ്.പി. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 17-04-2020 |
| ഡോ. ജിജി ജോസ് .കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 18-04-2020 | 06-01-2021 |
| ഡോ. കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 07-01-2021 | 27-01-2021 |
| ഡോ. ജിജി ജോസ് .കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 28-01-2021 | 09-02-2021 |
| ഡോ. കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-02-2021 | 15-02-2021 |
| ഡോ. അനിൽ .പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-02-2021 | 31-03-2021 |
| ശ്രീ. ശ്രീകുമാർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. ഗോപകുമാർ. എ. | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ്. നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 02-08-2020 |
| ശ്രീ. അനീഷ്. നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-02-2021 | 31-03-2021 |
| ശ്രീമതി. പ്രസന്ന.ടി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-08-2020 | 15-02-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-1 |
| 2 | യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി പൊരുത്തമില്ലാത്ത ബജറ്റ്<br>Written By: Biju Antony (Audit Officer, On 05-12-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-1-1 |
| 3 | സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 05-12-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-1-2 |
| 4 | പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 05-12-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-1-3 |
| 5 | ബജറ്റിന്റെ പ്രതിമാസ / വാർഷിക അവലോകനം നടത്തിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 05-12-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-1-4 |
| 6 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 05-12-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-2 |
| 7 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Biju Antony (Audit Officer, On 10-12-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-2-1 |
| 8 | വാർഷിക കണക്കിൽ കാണുന്ന അപാകതകൾ<br>Written By: Biju Antony (Audit Officer, On 01-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-2-1 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി -<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-6 |
| 13 | ക്യാഷ് പരിശോധന<br>Written By: Anitha K (Auditor, On 22-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-8 |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-8 |
| 15 | ആഭ്യന്തിര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-10 |
| 17 | ഗ്രാമപഞ്ചായത്തിനു ബാധകമായ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. | 1-11 |

| | | |
|---|---|---|
| | Written By: Anitha K (Auditor, On 22-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | |
| 18 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Anitha K (Auditor, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-12 |
| 19 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Anitha K (Auditor, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-13 |
| 20 | അങ്കണവാടികൾ-കേന്ദ്ര സഹായത്തിലെ ചെലവഴിക്കാത്ത തുക ഭൗതിക സഹാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി ഉപയോഗിക്കാം<br>Written By: K. Rajan (Auditor Trainee, On 24-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-14 |
| 21 | അനുപൂരകപോഷകാഹാരം ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 24-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-15 |
| 22 | 2019-20, 2020-21 കാലയളവിൽ അസി. എഞ്ചിനീയർ നിർവഹിച്ച പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു അവലോകനം.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 24-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-16 |
| 23 | കുടുംബാരോഗ്യ കേന്ദ്രം - വനിതാ ഫിറ്റ്നസ്സ് കേന്ദ്രം - പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.<br>Written By: K. Rajan (Auditor Trainee, On 24-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-17 |
| 24 | തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി. സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Biju Antony (Audit Officer, On 27-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-18 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-19 |
| 26 | പാലിന് സബ്സിഡി-എല്ലാ ഗുണഭോക്താക്കൾക്കും കൂടുതൽ മാസങ്ങളിലേക്ക് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-20 |
| 27 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-21 |
| 28 | ആട് വിതരണം-ഗുണഭോക്താവിന്റെ വാർഷിക വരുമാനം പരിശോധിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-22 |
| 29 | ലൈഫ് മിഷൻ- പുതിയ അപേക്ഷകർക്ക് ആനുകൂല്യം ലഭ്യാമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 23-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-23 |
| 30 | തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തിയിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല .<br>Written By: Biju Antony (Audit Officer, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-24 |

| | | |
|---|---|---|
| 31 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-25 |
| 32 | വാഹന പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-26 |
| 33 | തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: Biju Antony (Audit Officer, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Biju Antony (Audit Officer, On 29-10-2021) | 4-1. |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 06-10-2021)<br>Last Updated By: N Satheesan (Deputy Director, On 15-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

12-3-2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3590687 |
| തൻവർഷം വരവ് | 165788000 |
| ആകെ വരവ് | 169378687 |
| ചെലവ് | 165365000 |
| നീക്കിയിരിപ്പ് | 4013687 |

പുതുക്കിയ ബജറ്റ് 18-1-2021 തീയതിയിലെ 17(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു .

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-1-1 യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി പൊരുത്തമില്ലാത്ത ബജറ്റ്

വാർഷിക കണക്കുകൾ പ്രകാരമുള്ള തൻവർഷത്തെ യഥാർഥ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11571571 |
| വരവ് | 94779960 |
| ആകെ | 106351531 |
| ചെലവ് | 93319594 |
| നീക്കിയിരിപ്പ് | 13031937 |

തൻവർഷത്തെ ബജറ്റുമായി വളരെയധികം അന്തരമുള്ള അവസ്ഥയിലാണ് വരവ് ചെലവ് കണക്കുകൾ ഉള്ളത്. ആയതിനാൽ വരവ് ചെലവുകൾ സമഗ്രമായി പരിശോധിക്കുകയും അതിനനുസരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ആയതിനായി ബഡ്ജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കണം.

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് പ്രൊപ്പോസലുകൾ യഥാസമയം ലഭ്യമാക്കാനും അവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

1-1-2 സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല

സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ-ബി.എസ്.13- RECEIPT AND REFUND OF DEPOSIT എന്ന ഭാഗത്ത് ലൈബ്രറി സെസ്, ഇൻകം ടാക്സ്, പ്രൊവിഡന്റ് ഫണ്ട്, എൻ.പി.എസ് തിരിച്ചടവ് മുതലായവ തുക വകയിരുത്തേണ്ടതാണ്.

1-1-3 പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല

2020-21 വർഷത്തേക്കുള്ള ബഡ്ജറ്റുകൾ പരിശോധിച്ചതിൽ പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നിർദ്ദേശങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നും ഉയർന്ന് വന്നിട്ടില്ല.

1-1-4 ബജറ്റിന്റെ പ്രതിമാസ / വാർഷിക അവലോകനം നടത്തിയിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം, വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിലെ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.
വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

നിർദ്ദേശങ്ങൾ

1. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
3. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | തീയതി | |
|---|---|---|---|
| 31-7-2021 | 7-5-2021 | - | - |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

തൻവർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തി സംബന്ധമായ കണക്കുകളിലെ കൃത്യത പരശോധിക്കാൻ സാധിച്ചിട്ടില്ല.

2)ലൈഫ് ഭവന പദ്ധതിയുടെ സംസ്ഥാന വിഹിതം ഹെഡ് മാറി സെക്വേഡ് ലോൺസ് എന്ന ഭാഗത്താണ് വാർഷിക കണക്കിൽ (R&P) ചേർത്തിട്ടുള്ളത്.

3)ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളിൽ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ എന്നീ പഞ്ചായത്തുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് (STSB A/c)പഞ്ചായത്ത് നിലവിൽ ആരംഭിച്ചിട്ടില്ല.

4)മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുന്ന ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് ആസ്തികളായി മാറുമ്പോൾ ജേണൽ എൻട്രിയിലൂടെ അസ്സറ്റായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-2-1 വാർഷിക കണക്കിൽ കാണുന്ന അപാകതകൾ

1) തൊഴിൽ നികുതി , വസ്തുനികുതി എന്നിവയുടെ സംക്ഷിപ്തങ്ങൾ വാർഷിക കണക്കിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സംക്ഷിപ്തങ്ങൾ എഴുതിയ റജിസ്റ്ററുകൾ അപൂർണവുമാണ്.

2) ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11571571 |
| വരവ് | 94779960 |
| ആകെ | 106351531 |
| ചെലവ് | 93319594 |
| നീക്കിയിരിപ്പ് | 13031937 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10366044 | 10366044 | 10366044 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9043874 | 9043874 | 9043874 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 28771000 | 28771000 | 28771000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3456681 | 3456681 | 3456681 | 0 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8998639 | 8998639 | 8742294 | 256345 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് ഗ്രാന്റ്) | 0 | 4560000 | 4560000 | 4515987 | 44013 |
| ലൈഫ് ഭവന പദ്ധതി(സംസ്ഥാന വിഹിതം) | 0 | 1,00,000 | 1,00,000 | 1,00,000 | 0 |
| TSC | 1416906 | 2428372 | 3845278 | 1034153 | 2811125 |
| ICDS | 1114889 | 736506 | 1851395 | 502475 | 1348920 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 380 | 122407579 | 302 | 76559618 | 0 | 78 | 79.5 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 4661981 | 4064570 | 87.1 |
| വി.ഇ.ഒ I | 15 | 11 | 33513853 | 6862290 | 20 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 4154881 | 3228420 | 78 |
| സെക്രട്ടറി | 54 | 41 | 14883633 | 10523502 | 71 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 268 | 207 | 52926963 | 41510993 | 78 |
| മെഡിക്കൽ ഓഫീസർ-PHC | 11 | 8 | 2499591 | 1849957 | 78 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 925000 | 925000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 987000 | 955999 | 97 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 9 | 8 | 4327927 | 3787137 | 88 |
| വെറ്ററിനറി സർജ്ജൻ | 9 | 7 | 3526750 | 2851750 | 81 |
| ആകെ | 380 | 302 | 122407579 | 76559618 | 63 |

1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33318 | 1442827 | 1476145 | 1245841 | 230304 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27293791 | 27293791 | 27293791 | 0 |
| ആകെ | 33318 | 28736618 | 28769936 | 28539632 | 230304 |

1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-10-2021 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. എന്നാൽ രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടുവാൻ സാധിച്ചില്ല. ക്യാഷ് പരിശോധനയിൽ ഫ്രണ്ട് ഓഫീസ് ഡേ ബുക്ക് പ്രകാരം 35,725/- രൂപയാണ് ആകെ വരവായി കാണുന്നത്. എന്നാൽ ടി സമയം ക്യാഷിന്റെ ഭൗതിക പരിശോധന നടത്തിയപ്പോൾ 10,640/-രൂപ മാത്രമാണ് കാണപ്പെട്ടത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം: 3 ന മറുപടിയായി അറിയിച്ചത് ILGMS സംവിധാനം വന്നതിനുശേഷം ഫ്രണ്ട് ഓഫീസ് കളക്ഷനിൽ നിന്ന ലഭിക്കുന്ന തുകയും ക്യാമ്പ് കളക്ഷനിൽ നിന്ന ലഭിക്കുന്ന തുകയും ഒരേ സമയം ഡേ ബുക്കിലേക്ക് വരവായി ചേർത്തു വരുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും ILGMS സോഫ്റ്റ് വെയർ പരിഷ്കരണത്തിലൂടെ മാത്രമേ പ്രസ്തുത രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കഴിയൂ എന്നുമറിയിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് വ്യക്തത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6566600 | 406 |
| വിധവാപെൻഷൻ | 17463900 | 1165 |
| വാർദ്ധക്യകാലപെൻഷൻ | 25930700 | 1850 |
| വികലാംഗപെൻഷൻ | 4732600 | 316 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2088300 | 146 |

1-9 ആഭ്യന്തിര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം

കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിരിക്കുന്ന 35702, 35718, 6981, 6983 രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ചില രസീതി ബുക്കുകളിൽ ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. (ഉദാ. 2020-21 ൽ ഉപയോഗിച്ച രസീതി ബുക്ക് നം. 6997,6996 എന്നിവയിലെ രസീതികളിൽ ഒന്നിലും ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.)

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2020-21 വർഷത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. 2020-21 ൽ വസ്തു നികുതി 100% പിരിച്ചെടുത്തിട്ടുണ്ട്.

പ്രൊക്യൂർമെന്റ്കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-2-2020 | 1/2020 | 11-3-2020 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-3-2018 മുതൽ 28-3-2018 | 2012-2013 മുതൽ 2016-17 | 20-6-2018 |

1-11 ഗ്രാമപഞ്ചായത്തിന ബാധകമായ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമം കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട് . മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയ്ക്ക് ശ്രീകൃഷ്ണപുരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ്, മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോംസ്റ്റേ വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/13.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

മേൽ പരാമർശിച്ച ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-12 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

1. വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 50 രൂപയും 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 80 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 200 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

എ)

| | |
|---|---|
| കെട്ടിട നം. | 236/A |
| കെട്ടിട ഉടമയുടെ പേരും വിലാസവും | മുരളീധരൻ മുതൽ പേർ, തോപ്പിൽ മാധവി നിലയം,ശ്രീകൃഷ്ണപുരം. |
| വിസ്തീർണ്ണം | 251 ച. മീ. സൂപ്പർ മാർക്കറ്റ് |

| | |
|---|---|
| നിലവിലെ നികുതി നിർണ്ണയം | 251x50 = 12550<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 15060<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 15060<br>LC- 753<br>Total= 15813 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 251x80 = 20080<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 24096<br>വർദ്ധനവിന്റെ പരിമിതി- 100%-<br>BT- 24096<br>LC- 1205<br>Total = 25301 |
| പ്രതിവർഷ നഷ്ടം | 25301- 15813=9488 രൂപ |

ബി)

| | |
|---|---|
| കെട്ടിട നം. | 236/B |
| കെട്ടിട ഉടമയുടെ പേരും വിലാസവും | മുരളീധരൻ മുതൽ പേർ,<br>തോപ്പിൽ മാധവി നിലയം, ശ്രീകൃഷ്ണപുരം. |
| വിസ്തീർണ്ണം | 257ച. മീ. സൂപ്പർ മാർക്കറ്റ് |
| നിലവിലെ നികുതി നിർണ്ണയം | 257x50 = 12850<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 15420<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 15420<br>LC- 771<br>Total= 16191 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 257x80 = 20560<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10% |

| | |
|---|---|
| | നിലവിലുള്ള നികുതി (2013)- 22616<br>വർദ്ധനവിന്റെ പരിമിതി- 100%-<br>BT- 22616<br>LC- 1131<br>Total = 23747 |
| പ്രതിവർഷ നഷ്ടം | 23747- 14842 = 8905 രൂപ |

സി)

| | |
|---|---|
| കെട്ടിട നം. | 236/C |
| കെട്ടിട ഉടമയുടെ പേരും വിലാസവും | മുരളീധരൻ മുതൽ പേർ, തോപ്പിൽ മാധവി നിലയം,ശ്രീകൃഷ്ണപുരം. |
| വിസ്തീർണ്ണം | 257ച. മീ. സൂപ്പർ മാർക്കറ്റ് |
| നിലവിലെ നികുതി നിർണ്ണയം | 257x50 = 12850<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10%<br>നിലവിലുള്ള നികുതി (2013)- 14135<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 14135<br>LC- 707<br>Total= 14842 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 257x80 = 20560<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10%<br>നിലവിലുള്ള നികുതി (2013)- 22616<br>വർദ്ധനവിന്റെ പരിമിതി- 100%-<br>BT- 22616<br>LC- 1131<br>Total = 23747 |
| പ്രതിവർഷ നഷ്ടം | 23747- 14842 = 8905 രൂപ |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റബേസിൽ മേൽ അപാകതകൾ തുടരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09/16-10-2021) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട നമ്പർ 236/A സഞ്ചയ സോഫ്റ്റ് വെയറിൽ ഫോറം 6 പ്രകാരം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പൊളിച്ച് മാറ്റിയ കെട്ടിടമാണെന്ന് അറിയിച്ചിട്ടുണ്ട് .236/B, 236/C എന്നീ കെട്ടിടങ്ങളുടെ നികുതി തുക യഥാക്രമം 3778, 5533 ( രശീതി നം:1210101913/21.10.2021, 1210101914/21.10.2021) അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉപയോഗക്രമം തെറ്റായി ഉൾപ്പെടുത്തിയ മറ്റു കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അതു കണ്ടെത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ

മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

| | |
|---|---|
| കെട്ടിട നം. | 186/D |
| കെട്ടിട ഉടമയുടെ പേരും വിലാസവും | മുഹമ്മദ് ബഷീർ,<br>കല്ലിങ്ങൽ,മാങ്ങോട്,മാങ്ങോട്, |
| വിസ്തീർണ്ണം | 151.6 ച. മീ, ഷോപ്പുകൾ |
| നിലവിലെ നികുതി നിർണ്ണയം | 151.6x30 = 4548<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 5458.00<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 5458.00<br>LC- 273.00<br>Total- 5731 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 151.6x60 = 9096<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 9096<br>വർദ്ധനവിന്റെ പരിമിതി- 100%-<br>BT- 10915<br>LC- 546<br>Total- 11461 |
| പ്രതിവർഷ നഷ്ടം | 11461-5731=5730 രൂപ |

മേൽ അപാകതക സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09/16-10-2021) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഫോറം 6 പ്രകാരം കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗ ക്രമം ഉൾപ്പെടുത്തി (വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ, നികുതി 50 രൂപ) ബന്ധപ്പെട്ടവരിൽ നിന്നും 3820 രൂപ 1210102012/ 23.10.2021 രശീതി പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

1-13 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വരെയുള്ള വാടക കുടിശ്ശിക 4,10,860/- രൂപയും 2020-21 ലെ കുടിശ്ശിക 35,575/- രൂപയും ഈടാക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/13.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 അങ്കണവാടികൾ-കേന്ദ്ര സഹായത്തിലെ ചെലവഴിക്കാത്ത തുക ഭൗതിക സഹാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി ഉപയോഗിക്കാം

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്സിനു കീഴിലുള്ള പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 13,48,920/- രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി കാണുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവ് തുക നൽകുവാൻ ബാക്കിയുണ്ടോ എന്നുള്ള വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/11.10.2021) 800000/- രൂപ പോഷകാഹാരത്തിന് മാറ്റിവെക്കണമെന്നും ബാക്കി 5,48,920/-രൂപ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ചെലവാക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ തിയതി 3-9-2010 ൽ പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പിൽ നിന്നുള്ള തുക ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 അനുപൂരകപോഷകാഹാരം ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രോജക്ടുകൾ പ്രകാരം സ്വദേശി ഫുഡ്സ്, ആനപ്പാറ, ചെറായ, കോങ്ങാട് - 678631 ( GSTIN : 32ACLFS3513P1ZT) എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1)

| | |
|---|---|
| പ്രോജക്ട് | 123/20-21 അനുപൂരക പോഷകാഹാരം |
| അടങ്കൽ | വികസന ഫണ്ട് 591000 |
| | ധനകാര്യ കമ്മിഷൻ 309454 |
| | കേന്ദ്ര വിഹിതം 500000 |
| | ആകെ 1400454 |
| ചെലവ് | വികസന ഫണ്ട് 590815 |
| | ധനകാര്യ കമ്മിഷൻ 309454 |
| | കേന്ദ്ര വിഹിതം 408550 |

| | |
|---|---|
| | ആകെ 1308819 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

(2)

| | |
|---|---|
| പ്രോജക്റ്റ് | 128/20-21 അനുപൂരക പോഷകാഹാരം |
| അടങ്കൽ | എസ്.സി.പി. ഫണ്ട് 300000 |
| | കേന്ദ്ര വിഹിതം 100000 |
| | ആകെ 400000 |
| ചെലവ് | എസ്.സി.പി. ഫണ്ട് 294922 |
| | കേന്ദ്ര വിഹിതം 93925 |
| | ആകെ 388847 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ബിൽ പ്രകാരമുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ & തീയതി | തുക | പ്രോജക്റ്റ് നമ്പർ |
|---|---|---|---|
| 1 | 736/ 10.6.20 | 14480 | 123/2020-21 |
| 2 | 757/14.7.20 | 76442 | -Do- |
| 3 | 759/14.7.20 | 14560 | -Do- |
| 4 | 764/14.8.20 | 75900 | -Do- |
| 5 | 765/14.8.20 | 24300 | -Do- |
| 6 | 766/14.8.20 | 15450 | -Do- |
| 7 | 459/16.9.20 | 1043 | -Do- |
| 8 | 777/17.9.20 | 77440 | -Do- |
| 9 | 778/17.9.20 | 22800 | -Do- |
| 10 | 779/17.9.20 | 15830 | -Do- |
| 12 | 734/10.6.20 | 72414 | -Do- |
| 13 | 735/10.6.20 | 20774 | -Do- |
| 14 | 758/14.7.20 | 24305 | -Do- |
| 15 | 789/14.10.20 | 77962 | 128/20-21 |
| 16 | 801/18.11.20 | 84036 | -Do-- |
| 17 | 813/18.12.20 | 84036 | -Do- |
| 18 | 791/14.10.20 | 16060 | -Do- |
| 19 | 803/18.11.20 | 16414 | -Do- |
| 20 | 815/18.12.20 | 16414 | -Do- |
| 21 | 790/14.10.20 | 23017 | -Do- |
| 22 | 802/18.11.20 | 23644 | -Do- |
| 23 | 814/18.12.20 | 23644 | -Do- |
| 24 | 824/13.1.21 | 79986 | 123/20-21 |

| | | | |
|---|---|---|---|
| 25 | 833/11.2.21 | 79986 | -Do- |
| 26 | 834/11.2.21 | 21133 | -Do- |
| 27 | 835/11.2.21 | 16697 | -Do- |
| 28 | 826/13.1.21 | 14969 | -Do- |
| | ആകെ | 1033736 | |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/13.10.2021) മറുപടിയായി സപ്ലൈയർ ജി.സ്.ടി.തുക അടവാക്കിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ സ്രോതസ്സിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ബിൽ തുക അനുവദിക്കുമ്പോൾ തന്നെ സ്രോതസ്സിൽ നിന്ന് നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-16 2019-20, 2020-21 കാലയളവിൽ അസി. എഞ്ചിനീയർ നിർവഹിച്ച പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു അവലോകനം.

2019-20 സാമ്പത്തിക വർഷത്തിൽ പൊതു മരാമത്ത് മേഖലയിൽ 210 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളത്. ഇവയിൽ 118 പ്രോജക്ടുകളാണ് തൻ വർഷം നടപ്പിലാക്കിയിട്ടുള്ളത്. 92 പ്രവൃത്തികൾ തൻ വർഷം നടപ്പിലാക്കിയില്ല.

2020-21-ൽ 252 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമായതിൽ 191 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 61 പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല.

മേൽ പറഞ്ഞ രണ്ട് വർഷങ്ങളിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

(1) മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് നം. 13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാനുവൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ്, അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്), എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, മേൽ പറഞ്ഞ രേഖകളിൽ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ സൂക്ഷിക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഓരോ വർഷവും വിവിധ പ്രദേശങ്ങളിൽ നിർവഹിക്കുന്ന റോഡുകളുൾപ്പെടെയുള്ള പ്രോജക്ടുകളുടെ ആവശ്യകത, ആധികാരികത, കൃത്യത എന്നിവ പരിശോധിച്ചുറപ്പിക്കുന്നതിന് സാധിക്കുന്നില്ല.

3. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4. സമർപ്പിക്കപ്പെട്ട ടെൻഡറുകളിൽ പലതിലും അവസാനത്തെ താളിൽ നിർവഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ട വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

5. ടെൻഡറിനൊപ്പം സമർപ്പിക്കപ്പെടുന്ന പ്രാഥമിക കരാർ പത്രത്തിൽ ആവശ്യമായ വിവരങ്ങൾ കരാറുകാർ രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. അസി. എഞ്ചിനീയർ നിർവഹിക്കുന്ന പ്രോജക്റ്റുകളിൽ 80% വും റോഡ് പ്രോജക്റ്റുകളാണ്. റോഡ് പ്രോജക്റ്റുകളിൽ തന്നെ 90% കോൺക്രീറ്റ് പ്രവൃത്തികളാണ്. കോൺക്രീറ്റ് പ്രവൃത്തികളിൽ ഏകദേശം 35% ത്തോളം 1,00,000/- രൂപയിൽ താഴെ അടങ്കലുള്ളവയും ഒരു റോഡിൽ ഭാഗികമായി കുറഞ്ഞ ചെയിനേജിൽ നിർവ്വഹിക്കപ്പെടുന്നതുമാണെന്നിരിക്കെ ആസ്തി രജിസ്റ്റർ കാലികമല്ലാത്തതും, സമഗ്രമായ റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അഭാവവും മരാമത്ത് പ്രവൃത്തികളുടെ സുതാര്യത , കാര്യക്ഷമത എന്നിവയെ ബാധിക്കുന്നതാണ്. ആയതിനാൽ ടി രജിസ്റ്ററുകൾ കുറ്റമറ്റതും കാലികവുമാക്കി പരിപാലിച്ച പോരേണ്ടതിലേക്ക് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയും ഭരണ സമിതിയുടെ സമഗ്രമായ മേൽനോട്ടവും ഉണ്ടാകേണ്ടതുണ്ട്.

2. മേൽ പറഞ്ഞ ക്രമനം. (4) (5) എന്നിവയിൽ പറഞ്ഞ രജിസ്റ്ററുകളും കാലികമാക്കി പരിപാലിച്ച പോരേണ്ടതാണ്.

1-17 കുടുംബാരോഗ്യ കേന്ദ്രം - വനിതാ ഫിറ്റ്നസ്സ് കേന്ദ്രം - പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രധാന കെട്ടിടത്തിന്റെ മുകൾ നിലയിലുള്ള ഹാളിൽ വനിതാ ഫിറ്റ്നസ്സ് കേന്ദ്രം (വനിതാ ഹെൽത്ത് ക്ലബ്ബ്) സജ്ജീകരിച്ചിട്ടുണ്ട്. വനിതകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിനു വേണ്ടി, വിവിധ വ്യയാമമുറകൾ പരിശീലിക്കുന്നതിനുള്ള ഉപകരണങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ളത്. മോട്ടോറൈസ്ഡ് ട്രെഡ്മിൽ ഉൾപ്പെടെയുള്ള ഉപകരണങ്ങളാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ശാരീരികവും മാനസികവുമായ ക്ഷമത വർധിപ്പിക്കുന്നതിലൂടെ ജീവിതശൈലീ രോഗങ്ങളെ മരുന്നുകളുടെ സഹായമില്ലാതെതന്നെ പ്രതിരോധിക്കുക എന്നതാണിതിന്റെ പ്രധാന ലക്ഷ്യം. 2019-20 ൽ രണ്ട് പ്രോജക്റ്റുകളിലായി (ജനറൽ & എസ്.സി.പി) 1,00,000/- രൂപയും, 2020-21 ൽ 1,91,000/- രൂപയും ചെലവഴിച്ച് രൂപം നൽകിയ ഈ കേന്ദ്രത്തിൽ 8 ഇനം വിവിധ ഉപകരണങ്ങളും യോഗ ചെയ്യുന്നതിനുള്ള മാറ്റുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം പ്രസ്തുത കേന്ദ്രം സന്ദർശിച്ചിരുന്നു. പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ വൈദ്യുതീകരണം, കുടിവെള്ള വിതരണ സംവിധാനം, ചൂടിനെ പ്രതിരോധിക്കുന്നതിനുള്ള സീലിംഗ് എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.

സ്ഥാപനം ഇതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രോജക്റ്റ് നിർവഹണകാലഘട്ടത്തിൽ കോവിഡ് പടർന്നു പിടിച്ചതിനാലാണ് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തതെന്നും നിയന്ത്രണങ്ങൾ പൂർണമായും നീക്കംചെയ്യപ്പെടുന്ന മുറയ്ക്ക് സ്ഥാപനം പ്രവർത്തനക്ഷമമാകുമെന്നും അധികൃതർ അറിയിച്ചു.

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനം പ്രവർത്തനക്ഷമമാക്കുകയും കാര്യക്ഷമമായ രീതിയിൽ പരിപാലിച്ചു പോരുകയും ചെയ്യേണ്ടതിലേക്ക് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

1-18 തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി. സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി (പ്രോജക്റ്റ് നം. 6/21) തൻവർഷം ട്രഷറി ബിൽ നമ്പർ 31/21/ 16-3-2021 പ്രകാരം 3,99,024/-രൂ. ചെലവഴിച്ചിട്ടുണ്ട്. 144 എൽ.ഇ.ഡി. ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ക്രൂസ് ആണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

--- ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്ന് സാക്ഷ്യപ്പെടുത്തലുകൾ

നടത്തിയിട്ടില്ല.

--- കെ.എസ്.ഇ.ബിയിലേക്ക് സൂപ്പർവിഷൻ ചാർജ് അടച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തിയിൽ കെ.എസ്.ഇ.ബി മേൽനോട്ടം നിർവ്വഹിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20-10-2021) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രത്തിന് കെ.എസ്.ഇ.ബി യിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് സംയുക്ത പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കാമെന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ കെ.എസ്.ഇ.ബി യിലേക്ക് സൂപ്പർവിഷൻ ചാർജ് അടവാക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിനാലും തുക നൽകുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയിൽ നിന്ന് സാക്ഷ്യപ്പെടുത്തലുകൾ ലഭ്യമാക്കാത്തതിനാലും സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. ആയതിനാൽ ടി സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 3,99,024/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

താഴെരേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(ജനറൽ) | 23/12-3-21, Rs.499000, 24/12-3-21, Rs.500000, 25/12-3-21, Rs.500000, 26/12-3-21, Rs.500000, 27/12-3-21, Rs.500000, 28/12-3-21, Rs.500000, 29/12-3-21, Rs.500000, 30/12-3-21, Rs.210680, | 3709680 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(എസ്.സി.പി) | 34/21-22-3-21, Rs. 493000 | 493000 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 13/21-17-11-2021, | 1750000 |

| | | | |
|---|---|---|---|
| | | Rs. 1750000 | |

ടി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20-10-2021) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കി വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പാലിന് സബ്സിഡി-എല്ലാ ഉണഭോക്താക്കൾക്കും കൂടുതൽ മാസങ്ങളിലേക്ക് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതാണ് പദ്ധതി.

| | |
|---|---|
| പ്രോജക്റ്റ് നം | 34/20-21 |
| പ്രോജക്റ്റിന്റെ പേര് | പാലിന് സബ്സിഡി |
| അടങ്കൽ | 800000(പൊതുവിഭാഗം)+ 125000(ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 9,25,000 |
| ബിൽ നം (രൂപ, തീയതി) | 1(42591, 10-2-21)<br>2(134011, 10-2-21)<br>3(19164, 11-2-21)<br>4(168654, 10-2-21)<br>5(55572, 10-2-21)<br>6(224349, 11-2-21)<br>7(155659, 10-2-21)<br>8(23185, 30-3-21)<br>9(5618, 30-3-21)<br>10(8592, 30-3-21)<br>11(25441, 30-3-21)<br>12(26353, 30-3-21)<br>13(32641, 30-3-21)<br>14(3170, 30-3-21) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) 22/18 ത.സ്വ.ഭ.വ, തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ഈ പദ്ധതി പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന 7 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ കർഷകർക്കായി 3

രൂപ നിരക്കിൽ 2020 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലേക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

1.ശ്രീകൃഷ്ണപുരം ക്ഷീരോത്പാദക സഹകരണ സംഘം.

2.മണ്ണമ്പറ്റ ക്ഷീരോത്പാദക സഹകരണ സംഘം.

3.തലയണക്കാട് ക്ഷീരോത്പാദക സഹകരണ സംഘം.

4.മംഗലാംകുന്ന് ക്ഷീരോത്പാദക സഹകരണ സംഘം.

5.വലംബിളിമംഗലാം ക്ഷീരോത്പാദക സഹകരണ സംഘം.

6.ഈശ്വരമംഗലം ക്ഷീരോത്പാദക സഹകരണ സംഘം.

7.കടമ്പഴിപ്പുറം വനിത ക്ഷീരോത്പാദക സഹകരണ സംഘം.

ആഗസ്റ്റ് വരെ പൊതുവിഭാഗം ഫണ്ടിൽ നിന്നും സെപ്തംബർ മാസം ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നുമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ ഗുണഭോക്താക്കളിൽ പലർക്കും സബ്സിഡി കിട്ടിയിട്ടില്ല . അതുപോലെ പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട കുറച്ച് പേർക്ക് ജില്ലാപഞ്ചായത്തിൽ നിന്നുള്ള സെപ്തംബർ മാസത്തെ സബ്സിഡി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷീരസഹകരണ സംഘത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ | ആനുകൂല്യം ലഭ്യമായവർ (പൊതുവിഭാഗം) | ആനുകൂല്യം ലഭ്യമായവർ(ജില്ലാ പഞ്ചായത്ത് വിഹിതം) |
|---|---|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം | 148 | 148 | 107 | 82 |
| 2 | മണ്ണമ്പറ്റ | 200 | 164 | 163 | 126 |
| 3 | തലയണക്കാട് | 36 | 26 | 26 | 22 |
| 4 | മംഗലാംകുന്ന് | 43 | 43 | 43 | 36 |
| 5 | വലംബിളിമംഗലാം | 86 | 82 | 78 | 68 |
| 6 | ഈശ്വരമംഗലം | 23 | 12 | 12 | 9 |
| 7 | കടമ്പഴിപ്പുറം വനിത | 26 | 26 | 26 | 23 |

പൊതുവിഹിതത്തിൽ നിന്നും സബ്സിഡി കിട്ടിയവരിൽ പലർക്കും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള ആനുകൂല്യം ലഭ്യമായിട്ടില്ല. പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതുകൊണ്ടാണ് ആനുകൂല്യം നൽകാതിരുന്നത് എന്നാണ് ഓഡിറ്റ് അന്വേഷണം-7(13-10-21) ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തെ കൂടുതൽ മാസങ്ങളിലേക്കോ സാമ്പത്തിക വർഷം മുഴുവനായോ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാകുന്ന രീതിയിൽ പദ്ധതി നിർവ്വഹണം നടത്താവുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-21 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 268/20-21 |
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1,56,250(പൊതുവിഭാഗം) |
| ചെലവ് | 1,56,250 |

| | |
|---|---|
| ബിൽ നം, തീയതി | 3(28-4-2020) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 1,56,250/- രൂപ വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടറുടെ 714021400000008 അക്കൗണ്ടിലേക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറക്ക് ലഭ്യമാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ(6, 13-10-21)ത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-22 ആട് വിതരണം-ഗുണഭോക്താവിന്റെ വാർഷിക വരുമാനം പരിശോധിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | 179 |
| പ്രോജക്റ്റിന്റെ പേര് | ആട് വിതരണം-SCP |
| അടങ്കൽ | 3,60,000(SCP)+2,16,000(others)=5,76,000 |
| ചെലവ് | 5,76,000 |
| ബിൽ നം, തീയതി | 7(24-12-2020), 9(11-1-21), 18(18-2-21), 20(13-3-21), 22(17-3-21), 24(26-3-21), 25(26-3-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖണ്ഡിക 2.12.2, 6.2 എന്നിവ പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ കുടുംബവാർഷിക വരുമാനം 5,00,000/- രൂപ വരെയുള്ളവർക്കാണ് ആനുകൂല്യം നൽകേണ്ടത്. ഷീജ.പി.എസ്, പിഷാരത്ത് കുന്ന്, പുഞ്ചപ്പാടം എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം ആട് വിതരണവുമായി ബന്ധപ്പെട്ട് 10,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇവരുടെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം 6,50,000/-(ആറര ലക്ഷം) ആണ്. വിശദീകരണം ലഭ്യമാക്കുവാനായി അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(1, 11-10-21)ത്തിന് മറുപടിയായി ഗുണഭോക്താവ് ബി പി എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നും വരുമാന സർട്ടിഫിക്കറ്റിൽ പിശക് വന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽ വിഷയം ഉറപ്പ് വരുത്തി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ലൈഫ് മിഷൻ- പുതിയ അപേക്ഷകർക്ക് ആനുകൂല്യം ലഭ്യാമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 86 ഉം എസ്.സി വിഭാഗത്തിൽ 12 ഉം ഗുണഭോക്താക്കളാണുള്ളത്. ജനറൽ/എസ് സി വിഭാഗത്തിന് 4,00,000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

A) ലൈഫ് മിഷൻ - ജനറൽ (പ്രൊജക്ട് നം 21)

33 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. 33 പേരും മുഴുവൻ തുക കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ 1,10,00,000/- രൂപ അടങ്കൽ ഉള്ള പദ്ധതിയിൽ 2,00,000/- രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അടങ്കൽ തുകയിൽ സംസ്ഥാനാവിഷ്കൃത ഫണ്ട് മാത്രമേ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | 2020-21 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| സംസ്ഥാനാവിഷ്കൃതം | 30,00,000 | 2,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 16,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 16,00,000 | 0 |
| മറ്റിനം | 48,00,000 | 0 |
| ആകെ | 1,10,00,000 | 2,00,000 |

B) പദ്ധതി - ലൈഫ് മിഷൻ പട്ടിക ജാതി (22)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 8,97,333 | 8,97,333 |
| സംസ്ഥാനാവിഷ്കൃതം | 50,00,000 | 50,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | 804573 |
| ജില്ലാ പഞ്ചായത്ത് | 10,00,000 | 296398 |
| മറ്റുളവ | 80,00,000 | 1,20,000 |
| ആകെ | 1,58,97,333 | 27,68,304 |

ആകെയുള്ള ഗുണഭോക്താക്കളിൽ സുനിത, മുണ്ടക്കൽ പറമ്പ് എന്ന ഗുണഭോക്താവ് ഒഴികെ മറ്റുള്ളവരെല്ലാം ഭവന നിർമ്മാണം പൂരത്തീകരിച്ചിട്ടുണ്ട്.

ഹഡ്കോലോൺ

ഹഡ്കോയിൽ നിന്നും KURDFC മുഖേന തൻവർഷം 1,20,000/- രൂപ വായ്പ ലഭ്യമായിട്ടുണ്ട്.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാർ വിഹിതമായി 8,00,000/- രൂപ ലഭ്യമായിട്ടുണ്ട്.

ഭവനനിധി രൂപീകരിച്ച ിട്ടില്ല.

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് ഉടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഭവനനിധി രൂപികരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1.വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2.സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4.മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണസ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്.

5.ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.

6.പുതിയ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിനു വേണ്ട നടപടകൾ സ്വീകരിക്കേണ്ടതാണ്.

1-24 തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തിയിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല .

തെരുവ് വിളക്കുകളുടെ സംരക്ഷണം എന്ന പ്രോജക്ടിലൂടെ (നമ്പർ 241/21) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുകയും കേടായ ചില ലൈറ്റുകൾ മാറ്റിയിടുന്നതിനുമായി തൻവർഷം Rs. 1,21,766/- ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 1/21-4-20, Rs.76228, ബിൽ നം. 36/29-3-21, Rs.45538) . സർക്കാർ ഏജൻസിയായ ഗ്രാമജ്യോതി ലൈറ്റിംഗ്സിന് ആണ് തുകകൾ നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെരേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

--- മേൽസൂചിപ്പിച്ച പ്രവൃത്തി 2019-20 ൽ നടത്തിയ പ്രോജക്ടിന്റെ തുടർ പ്രോജക്ട് ആയിട്ടാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ 2019-20 ൽ പുതിയ പ്രോജക്ടായി ടി പ്രവൃത്തി നിർവ്വഹിച്ചപ്പോൾ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

--- മാറ്റിയ തെരുവ് വിളക്കുകൾ എവിടെയെന്നോ, എത്രയെന്നോ വ്യക്തമാക്കുന്ന യാതൊരു സാക്ഷ്യപ്പെടുത്തലുകളും കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

--- മാറ്റി സ്ഥാപിക്കപ്പെട്ട കേടുവന്ന ബൾബുകൾ, മറ്റ് സാധന സാമഗ്രികൾ എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20-10-2021) ടി പ്രോജക്ട് 2018-19 വർഷം നടപ്പാക്കിയ പ്രോജക്ടിന്റെ തുടർ പ്രോജക്ട് ആണെന്നും 2018-19 വർഷം മതിയായതുക ലഭ്യമാകാതിരുന്നതിനാൽ 2019-20 ൽ ആയതിന് ബാക്കി നൽകാനുണ്ടായിരുന്ന തുക നൽകാമെന്ന് ഭരണസമിതി തീരമാനം എടുത്തിട്ടുണ്ട് എന്നും മറുപടി അറിയിച്ചിട്ടുണ്ട്. എന്നാൽ 2019-20 ൽ തുക മുഴുവനായി നൽകാൻ സാധിക്കാത്തതിനാൽ തൻവർഷം സ്പിൽ ഓവർആയി പ്രവൃത്തി നിർവ്വഹിക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാറ്റിയിട്ട സാധനങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്കിൽ എടുത്ത് പരിശോധനയ്ക്ക് ഹാജരാക്കാം എന്നും അറിയിച്ചിട്ടുണ്ട്.

2018-19 വർഷം നടപ്പാക്കിയ പ്രോജക്റ്റിന്റെ തുടർ പ്രോജക്റ്റ് ആണെങ്കിൽ ആയത് സ്പിൽഓവർ പ്രോജ്ക്റ്റ് ആയി 2019-20ൽ നടപ്പാക്കണമായിരുന്നു. കൂടാതെ മുൻവർഷം തന്നെ പ്രോജക്റ്റ് ഭേദഗതി വരുത്തി ആവശ്യമായ ഫണ്ട് വകയിരുത്തുകയും ചെയ്യണമായിരുന്നു. എങ്കിലും നിർവ്വഹണം നടത്തിക്കഴിഞ്ഞ സാഹചര്യത്തിൽ മാറ്റിയ സാധനങ്ങളുടെ സ്റ്റോക്ക് എടുക്കുകയും പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്. നടപടിക്രമങ്ങളിലെ ഇത്തരം പാളിച്ചകൾ സംഭവിക്കാതെയിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

1-25 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 664252 രൂപ ചെലവഴിച്ചിട്ടുണ്ട്.

റജിസ്റ്റർ പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ലൈറ്റുകളുടെ ഇനം | എണ്ണം |
|---|---|
| CFL | 1700 |
| LED | 354 |
| High Mast | 16 |
| | 2070 |

ഇതു സംബന്ധിച്ച് താഴെസൂചിപ്പിക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

--- തെരുവ് വിളക്കുകകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

--- തെരുവ് വിളക്കുകകൾ സംബന്ധിച്ച പരാതി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

--- തെരുവ് വിളക്കുകകളുടെ അറ്റകുറ്റ പണികളിൽ മാറ്റി സ്ഥാപിക്കുന്ന സാമഗ്രികൾ ഉൾപ്പെടുമ്പോൾ പഴയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല.

ടി വിഷയങ്ങളിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/13-10-2021) ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി യോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ ഇതു വരെ ആയത് നടത്താൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പരാതി റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് എന്നാൽ ആരും ടി റജിസ്റ്ററിൽ പരാതി രേഖപ്പെടുത്തുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ സംയുക്ത പരിശോധന നടത്തി ബൾബുകളുടെ, ലൈറ്റുകളുടെ എണ്ണം കൃത്യമാക്കി, ആയതിന്റെ ഉപയോഗത്തിനനുസരിച്ച് മാത്രം ബിൽ തുക അടവാക്കുന്നതിനും അടിയന്തിരമായി മീറ്ററിങ്ങ് സമ്പ്രദായം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 വാഹന പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 51 C/777 Scorpio വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മാർഗനിർദേശങ്ങൾ സ.ഉ (എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധനം. തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ ഉടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്.

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20, 20-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ ഇതു സംബന്ധിച്ച ഫ്യൂവൽ റജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 6,64,252/- രൂപ ചെലവഴിച്ചിട്ടുണ്ട്.
പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ജി.ഒ (പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചിയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

പ്രതിമാസ, വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും എത്ര ലിറ്റർ ഇന്ധനമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/11-10-2021) ന് ഇന്ധന ക്ഷമത ടെസ്റ്റ് നടത്താൻ ചലാൻ മുഖേന ഫീസ് അടച്ചിരുന്നു എന്നും എന്നാൽ കോവിഡ് കാലയളവ് ആയതിനാൽ തുടർ നിർദേശങ്ങൾ ലഭിച്ചില്ല എന്നും മറുപടിയായി അറിയിച്ചിട്ടുണ്ട് .

റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മാറ്റിയ സാധനങ്ങൾ വാറണ്ടി കാലയളവ് കഴിയുന്നതിന് മുമ്പ് വീണ്ടും മാറ്റി സ്ഥാപിക്കുന്നുണ്ടോ, റിപ്പയർ സംബന്ധിച്ച് അമിതമായി ചെലവ് വരുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടതെ വാങ്ങിയ സാധനങ്ങൾ സംബന്ധിച്ചും മാറ്റിസ്ഥാപിച്ച സാധനങ്ങൾ സംബന്ധിച്ചും സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

നിർദ്ദേശങ്ങൾപാലിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
2. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
3. വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
4. വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

1-27 തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശ്ശിക നിലനിൽക്കുന്നു.

തെരുവ് ടാപ്പുകളുടെ വെള്ളക്കരം ആയി 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 9,72,125/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെസൂചിപ്പിക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

---തെരുവ് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

--- ഉപയോഗക്ഷമമല്ലാത്ത തെരുവ് ടാപ്പുകളുടെ എണ്ണം നിർണയിച്ചിട്ടില്ല.

--- കേരള വാട്ടർ അതോറിറ്റിയിലെ ബില്ലുകൾ പ്രകാരം ഭീമമായ തുക മുൻബാക്കി നിലനിൽക്കുന്നതായും ആയതിന് പിഴയായി അരലക്ഷത്തിൽ അധികം രൂപ കണക്കാക്കുകയും ആയതിന് പുറമേ തൻവർഷത്തെ ഡിമാന്റ് തുകയായി ഒരു സംഖ്യയും ചേർത്ത് ആകെ തുകയാണ് മൊത്തം ഡിമാന്റ് തുക ആയി ആവശ്യപ്പെടുന്നത്. ഇതിൽ തൻമാസങ്ങളിലെ ഡിമാന്റ് തുകകൾ മാത്രമാണ് നിലവിൽ അടവാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഭീമമായ തുക ഓരോ ബില്ലിലും അടവാക്കാൻ ബാക്കി വരികയും ആയതിന് പിഴ ഈടാക്കുകയും ചെയ്യുന്നത് തുടരുകയും ചെയ്യുന്നു.

2021 മാർച്ച് മാസത്തിലെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അരിയർ തുക | 3076641 |
| പിഴ | 50541 |
| തൻമാസത്തെ ഡിമാന്റ് തുക | 88375 |
| ആകെ | 3215557 |

ഇതിൽ തൻമാസത്തെ ഡിമാന്റ് തുകയായ 88,375/-രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ബാക്കി തുക 32,15,557/-രൂ. അടവാക്കാൻ അവശേഷിക്കുന്നു.

ഇപ്രകാരം വലിയ തുക കുടിശ്ശികയായി വരുന്നത് ഒഴിവാക്കാൻ 2020-21 വർഷത്തിൽ കത്തുകൾ നൽകുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/20-10-21) തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിരുന്നു എന്നും എന്നാൽ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല എന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിനും സംയുക്ത പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കി ആയതിനനുസരിച്ച് മാത്രം വെള്ളക്കരം അടവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ ജലജീവൻ മിഷൻ പോലെയുള്ള പദ്ധതികളിലൂടെ പരമാവധി ഗാർഹിക കണക്ഷനുകൾ നൽകി തെരുവ് ടാപ്പുകൾ പരമാവധി ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2018-19 | 142500 | ലൈഫ് ഭവന പദ്ധതി (SCP) | 142500 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 364321 | ലൈഫ് ഭവന പദ്ധതി (ജനറൽ) | - | 364321 |
| | | 371250 | പ്രോജക്ട് നം. 102/21 | 371250 | - |
| | | 662073 | ലൈഫ് ഭവന പദ്ധതി (SCP) | 662073 | - |
| | 2020-21 | 440000 | പ്രോജക്ട് നം 102/21നെൽകൃഷി വികസനം | 440000 | - |
| | | 150000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | |
| | | 700000 | ലൈഫ് ഭവന പദ്ധതി | - | 700000 |
| ആകെ | | 2830144 | | 1765823 | 1064321 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 125000 | പ്രോജക്ട് നം 34/21-പാലിന് സബ്സിഡി | 125000 | |
| | | 352000 | പ്രോജക്ട് നം 102/21നെൽകൃഷി വികസനം | 352000 | |
| | | 352000 | പ്രോജക്ട് നം 260/21നെൽകൃഷി വികസനം | 352000 | |
| | 2019-20 | 542125 | ലൈഫ് മിഷൻ (എസ്.സി.പി) | 296398 | 245727 |
| ആകെ | | 1371125 | | 1125398 | 245727 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| KWA | SO4/21- കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 23/12-3-21, Rs.499000, 24/12-3-21, Rs.500000, 25/12-3-21, Rs.500000, 26/12-3-21, Rs.500000, 27/12-3-21, Rs.500000, 28/12-3-21, Rs.500000, 29/12-3-21, Rs.500000, 30/12-3-21, Rs.210680, | 3709680 | - | 3709680 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടല് (എസ്.സി) | 34/21- 22-3-21, Rs. 493000 | 493000 | - | 493000 |
| ആകെ | | | 4202680 | - | 4202680 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,20,000/- വരവുണ്ട്. മുൻബാക്കി 57,63,340/- രൂപയടക്കം 58,83,340/- രൂപയിൽ 58,83,340/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O(MS) 68/2018 /18-5-18 | 5763340+ 120000 5883340 | 5883340 | 1684039 | 0 | 4199301 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23-3-2020 | 1 Year | 500000 | |
| 2 | ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23-3-2020 | 1 Year | 500000 | |
| ആകെ | | | | 1000000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 11571571 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 94779960 |
| ആകെ | 106351531 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 93319594 |
| നീക്കിയിരിപ്പ് | 13031937 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 399024രൂ. |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 399024 | ശ്രീ. ബിനു ഗോപാൽ, സെക്രട്ടറി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിനു ഗോപാൽ | സെക്രട്ടറി , ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | പാർവ്വതിസദനം മിത്രകരി പി.ഓ ആലപ്പുഴ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P12/1152/18/ 4-8-2019 | ഓഡിറ്റ് അദാലത്ത് |
| 1999-00 | | |
| 2000-01 | | |
| 2001-02 | | |
| 2002-03 | | |

| | | |
|---|---|---|
| 2003-04 | | |
| 2004-05 | | |
| 2005-06 | | |
| 2006-07 | | |
| 2007-08 | LF.P12/ 2202/12/3.4.2013 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10<br>2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | LF.P12/1583/14/3.10.2014 | പുനരഭിപ്രായം |
| 2012-13 | L.F.P12/1147/15/7.9.2015 | പുനരഭിപ്രായം |
| 2013-14 &<br>2014-15 | KSA PKD-12/951/2016 Dt.27.12-2017 | പുനരഭിപ്രായം |
| 2015-16 | KSA.PKD 12/2323/16 Dt. 13.3.2018 | പുനരഭിപ്രായം |
| 2016-17 | KSA.PKD .12-1540/17 Dt.5.3.2018 | പുനരഭിപ്രായം |
| 2017-18 | KSA.PKD12-2396/18 Dt. 22.6.2020 | പുനരഭിപ്രായം |
| 2018-19 | KSA.PKD12-746/20 Dt. 9-10-2020 | പുനരഭിപ്രായം |
| 2019-20 | KSA.PKD12/1519/21 Dt. 28-01-2022 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 33788120.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | | 672.00 |
| 312000000 | Reserves | B-3 | 94114503.00 |
| | Total Reserve & Surplus | | 127903295.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 6418796.00 |
| | Total Grants, Contributions for Specific Purposes | | 6418796.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4199301.00 |
| | Total Loans | | 4199301.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 952923.00 |
| 350000000 | Other Liabilities | | 1510313.65 |
| | Total Current Liabilities and Provisions | | 2463236.65 |
| | TOTAL LIABILITIES | | 140984629.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 139995755.00 |
| 411000000 | Accumulated Depreciation | B-11 | -25194111.00 |
| 412000000 | Capital Work in Progress | B-11 (a) | 13428.00 |
| | Total Fixed Assets | | 114815072.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000000.00 |
| | Total Investments | | 1000000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1413623.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 4199301.00 |
| 450000000 | Cash and Bank Balance | B-17 | 13031937.00 |
| 460000000 | Loans, Advances and Deposits | | B-18 |
| | Total Current Assets, Loans and Advances | | |
| | Total Current Assets, Loans and Advances | | |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | |

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>INCOME & EXPENDITURE STATEMENT | | 740 |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 4801079.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 1047017.00 |
| 140000000 | Fee & User Charges | 1-4(b) | 1115453.00 |
| 150000000 | Sale & Hire Charges | 1-5(b) | 333859.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 158950261.00 |
| 171000000 | Interest Earned | 1-8 | 143188.00 |
| 180000000 | Other Income | 1-9 | 0.0 |
| | Total Income | | 166390857.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 8671650.00 |
| 220000000 | Administrative Expenses | 1-11 (b) | 1478501.00 |
| 230000000 | Operations & Maintenance | 1-12(b) | 3321474.00 |
| 240000000 | Interest & Finance Charges | 1-13 | 242.00 |
| 250000000 | Decentralised Plan Programme-Productive Sector / | I— 14 | 8010300.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | 1-14(a) | 47407414.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | | 6877964.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 268877.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 1-14(d) | 56782100.00 |
| 255000000 | Maintenance Projects | | 28054604.00 |
| 272000000 | Depreciation | 1-17(a) | 10703431.00 |
| | Total Expenditure | | 171576557.00 |
| | Gross Surplus/ Deficit of income over Expenditure | | -5185700.00 |
| 280000000 | Prior Period Item | 1-18 | 62440.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5248140.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | | | |
|---|---|---|---|
| | Sreekrishnapuram Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11389776.00 |
| Cash | Cash | RP-40(a) | 181795.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 1487120.00 |
| 130000000 | Rental income from Panchayat Properties | RP-3 | 20165.00 |
| 140000000 | Fees & User Charges | RP-4 | 925553.00 |
| 150000000 | Sale & Hire Charges | RP-5 | 326579.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 76310088.00 |
| 171000000 | Interest Earned | | 143188.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8310751.00 |
| 350000000 | Other Liabilities | RP-36 | 471913.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 0.0 |
| 311000000 | Earmarked Funds | RP-29 | 8466.00 |
| 330000000 | Secured Loans | RP-32 | 820000.00 |
| 340000000 | Deposits Received | RP-34 | 336814.00 |
| 350000000 | Other Liabilities | RP-36 | 313285.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4222329.00 |
| 460000000 | Loans, Advances | RP-47 | 1083709.00 |

| | | | |
|---|---|---|---|
| | and Deposits | | |
| | Grand total | | 106351531.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3174477.00 |
| 220000000 | Administrative Expenses | RP-12 | 1415864.00 |
| 230000000 | Operations & Maintenance | RP-13 | 3301474.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7609750.00 |
| 251000000 | Decentralised Plan Programme- Service Sector | RP- 16 | 18600134.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 7227964.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 252852.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| 255000000 | Maintenance Projects | RP-20 | 28054604.00 |
| 280000000 | Prior Period item | RP-26 | -9310.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1382070.00 |
| 350000000 | Other Liabilities | RP-36 | 3957115.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 242.00 |
| 280000000 | Prior Period Item | RP-26 | -1250.00 |
| 311000000 | Earmarked Funds | RP-29 | 10000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 140000.00 |
| 350000000 | Other Liabilities | RP-36 | 1200260.00 |
| 410000000 | Fixed Assets | RP-38 | 10051245.00 |
| 412000000 | Capital work in Progress | RP-40 | 78000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 967188.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 5906915.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12921105.00 |
| Cash | Cash | RP-40(b) | 110832.00 |
| | Grand Total | | 106351531.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)